**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 380** **23-08-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ മെക്കാനിക്കൽ വിഭാഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി ജില്ലാ തലത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ ബാഹുല്യം കാരണം ടി സംവിധാനം അപര്യാപ്തമാകുന്ന സ്ഥിതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | 22/09/15 ലെ സ.ഉ.(സാധാ) നം.2878/15/തസ്വഭവ, 08/02/19-ലെ സ.ഉ (സാധാ) നം.267/19/തസ്വഭവ ഉത്തരവുകൾ പ്രകാരം, തദ്ദേശ സ്ഥാപനങ്ങളിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് പി.ഡബ്ല്യൂ.ഡി., കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ നിന്നും വിരമിച്ച ഇലക്ട്രിക്കൽ ബിരുദമുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയവരിൽ നിന്നും പാനൽ തയ്യാറാക്കി ജില്ലാ തലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനർ ആയും കോർപ്പറേഷൻ തലത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനർ ആയുമുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സംവിധാനം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ആയതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ; | (ബി) | 22/09/15 ലെ സ.ഉ.(സാധാ) നം.2878/15/തസ്വഭവ, 08/02/19-ലെ സ.ഉ (സാധാ) നം.267/19/തസ്വഭവ ഉത്തരവുകൾ പ്രകാരം, തദ്ദേശ സ്ഥാപനങ്ങളിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് പി.ഡബ്ല്യൂ.ഡി., കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ നിന്നും വിരമിച്ച ഇലക്ട്രിക്കൽ ബിരുദമുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയവരിൽ നിന്നും പാനൽ തയ്യാറാക്കി ജില്ലാ തലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനർ ആയും കോർപ്പറേഷൻ തലത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനർ ആയുമുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സംവിധാനം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ചില തദ്ദേശസ്ഥാപനങ്ങളിൽ വാഹനങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ, സിവിൽ എഞ്ചിനീയറിംഗ് യോഗ്യതയുള്ള ഉദ്യോഗസ്ഥർ ആണ് പ്രധാനമായും കൈകാര്യം ചെയ്യുന്നത് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ **സ്ഥാപനങ്ങളിൽ, വാഹനങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ സിവിൽ എഞ്ചിനീയറിംഗ് യോഗ്യതയുള്ള ഉദ്യോഗസ്ഥരാണ് നിലവിൽ കൈകാര്യം ചെയ്യുന്നത്.** |
| (ഡി) | തദ്ദേശസ്ഥാപനങ്ങളിൽ വാഹന സംബന്ധമായ ഫയലുകൾ തീർപ്പാക്കുന്നതിനായി മെക്കാനിക്കൽ യോഗ്യതയുള്ള ഉദ്യോഗസ്ഥർ ഉൾപ്പെട്ട സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ എന്നറിയിക്കാമോ? | (ഡി) | തദ്ദേശ **സ്ഥാപനങ്ങളിൽ** വാഹന സംബന്ധമായ ഫയലുകൾ തീർപ്പാക്കുന്നതിനായി മെക്കാനിക്കൽ യോഗ്യതയുള്ള ഉദ്യോഗസ്ഥർ ഉൾപ്പെട്ട സംവിധാനം ഏർപ്പെടുത്തുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുകയാണ്. |

സെക്ഷൻ ഓഫീസർ